**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 208

18.12.2012-ലെ മറുപടിയ്ക്ക്

## വീട്ടുമുറ്റത്തൊരു ത്രിവേണി പദ്ധതി

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>,, പി.സി.വിഷ്ണുനാഥ്<br>,, ഷാഫി പറമ്പിൽ<br>,, ബെന്നി ബെഹനാൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) | |
| (എ) | 'വീട്ടുമുറ്റത്തൊരു ത്രിവേണി' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | ഒരു ത്രിവേണി സൂപ്പർ മാർക്കറ്റിൽ ലഭ്യമാകുന്ന എല്ലായിനം നിത്യോപയോഗ സാധനങ്ങളും മതിയായ അളവിൽ ശേഖരിച്ച് വെച്ച് മിതമായ നിരക്കിൽ ഉപഭോക്താക്കളുടെ വീട്ടുമുറ്റത്തോ വീട്ടിന് ഏറ്റവും അടുത്തുള്ള പ്രദേശത്തോ സഞ്ചരിക്കുന്ന/ഒഴുകുന്ന ത്രിവേണി മുഖേന എത്തിച്ച് കൊടുക്കുന്നതിനു കൺസ്യൂമർ ഫെഡറേഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന നൂതന സംരംഭമാണ് 'വീട്ടുമുറ്റത്തൊരു ത്രിവേണി' പദ്ധതി. |
| (ബി) | സംസ്ഥാനത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br>സംസ്ഥാനത്ത് 114 സ്ഥലങ്ങളിൽ മൊബൈൽ ത്രിവേണികൾ പ്രവർത്തിച്ചുവരുന്നു. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (സി) | 10 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി കേന്ദ്ര ഉപഭോക്തൃ മന്ത്രാലയത്തിനു കീഴിലുള്ള ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നും ഗ്രാന്റ്-ഇൻ-എയിഡായി 1.125 കോടി രൂപ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ കൺസ്യൂമർ |

| | | | |
|---|---|---|---|
| | | | ഫെഡറേഷന്റെ സ്വന്തം ഫണ്ടും ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | സംസ്ഥാനത്ത് മുഴുവൻ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ